ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

## പ്രധാനവാർത്തകൾ

TIME: 06.30 PM

DATE:15-08-2026

1. 80-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ച് രാജ്യം. ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ ആദരമർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമ്മു; ചുവപ്പുകോട്ടയിൽ ദേശീയ പതാകയുയർത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. പൊതുപരീക്ഷകൾക്കായി ദരിദ്ര-മധ്യവർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്ന് പ്രധാനമന്ത്രി. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവജനങ്ങൾക്ക് നിർമിത ബുദ്ധി രംഗത്ത് പരിശീലനം നൽകുമെന്നും സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപനം.

3. ഭക്ഷ്യ സംസ്കരണ രംഗത്തെ മികവിനുള്ള വ്യവസായ മന്ത്രാലയത്തിന്റെ പുരസ്കാരം കേരളത്തിന്.

4. ജനകീയാസൂത്രണത്തിന്റെ മുപ്പതാം വാർഷികം മന്ത്രി കെ.എം. ഷാജി നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

5. ശബരിമലയിൽ നെയ്യുടെ നിലവാരം ഉറപ്പാക്കാൻ പമ്പയിലും സന്നിധാനത്തും പരിശോധന ലാബ് സജ്ജമാക്കാൻ ദേവസ്വം ബോർഡിന് കത്ത് നൽകി മന്ത്രി കെ.മുരളീധരൻ.

RIU TVPM

6. ഹോക്കി ലോകകപ്പ് പുരുഷ
വിഭാഗത്തിൽ വെയിൽസിനെതിരെ ഇന്ത്യയ്ക്ക് ജയം.

*******************

## പ്രധാനമന്ത്രി - അഭിസംബോധന (ഇൻട്രോ )

രാജ്യം ഇന്ന് 80-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

ന്യൂഡൽഹിയിലെ ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാകയുയർത്തി. ചുവപ്പുകോട്ടയിൽ ആദ്യമായി 'വന്ദേമാതരം' ആലപിക്കപ്പെട്ടു എന്ന പ്രത്യേകതയും ഇത്തവണയുണ്ടായി. ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവജനങ്ങൾക്ക് നിർമ്മിതബുദ്ധി പരിശീലനം നൽകുമെന്ന് രാജ്യത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. വിവിധ പൊതുപരീക്ഷകൾക്കായി ദരിദ്ര-മധ്യവർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയിസ്......... )**

പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം എത്രയും വേഗം ഉറപ്പാക്കാൻ രാഷ്ട്രീയ ഭേദമന്യേ എല്ലാ കക്ഷികളും പിന്തുണയ്ക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. കായികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 5 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്കായി രാജ്യവ്യാപകമായി ടാലന്റ് ഹണ്ട് സംഘടിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്......... )**

രാജ്യ വികസനത്തിന് ആക്കം കൂട്ടാനായി ഏഴ് ഘടകങ്ങളടങ്ങിയ 'സപ്തധാര' പരിഷ്കരണ ചട്ടക്കൂടും പ്രഖ്യാപിച്ചു. പ്രകൃതിദുരന്തങ്ങളും പ്രളയവും ബാധിച്ച

RNU TVPM

പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഒപ്പം രാജ്യം ഉണ്ടെന്ന ഉറപ്പും പ്രധാനമന്ത്രി നൽകി.

********************

## മുഖ്യമന്ത്രി- സ്വാതന്ത്ര്യ ദിനം

എൺപതാം സ്വാതന്ത്യ ദിനത്തിൽ സംസ്ഥാനത്തും വിപുലമായ പരിപാടികൾ നടന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ ദേശീയപതാക ഉയർത്തി. കരുണയും സേവന തൽപരതയും സഹിഷ്ണുതയുമുള്ള പുതുയുഗ കേരളം സൃഷ്ടിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ശ്രീ വി ഡി സതീശൻ പറഞ്ഞു.

വിദ്യാഭ്യാസം, ആരോഗ്യം, മതേതരത്വം, രാഷ്ട്രീയ ബോധം എന്നിവയിൽ കേരളം രാജ്യത്തിന് മാതൃകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രളയമടക്കമുള്ള പ്രകൃതിദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മന്ത്രിമാർ നേതൃത്വം നൽകി. നിയമസഭ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി.

RNU/TVPM

********************

## സ്വാതന്ത്ര്യ ദിനം - സ്ഥാപങ്ങൾ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലും വിപുലമായ പരിപാടികളാണ് നടന്നത് . തൃശൂർ ഭാരതീയ വിദ്യാഭവനിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ദേശീയ പതാക ഉയർത്തി. കേരള വനിതാ കമ്മീഷൻ ആസ്ഥാനത്ത് നടന്ന പരിപാടിയിൽ കമ്മീഷൻ അധ്യക്ഷ പി സതീദേവി ദേശീയപതാക ഉയർത്തി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്ന പരിപാടിയിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥനും പതാക ഉയർത്തി . കേരള

സർവകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല , എറണാകുളം സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ്, കഴക്കൂട്ടം സൈനിക സ്കൂൾ എന്നിവിടങ്ങളിലും ദിനാഘോഷ പരിപാടികൾ നടന്നു. തിരുവനന്തപുരം ആകാശവാണി നിലയത്തിലും വിപുലമായ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചത്. നിലയം മേധാവി എ ജി ബൈജു ദേശീയപതാക ഉയർത്തി.

*******************

## കെ. മുരളീധരൻ

ശബരിമലയിൽ ഭക്തർ കൊണ്ടുവരുന്ന നെയ്യുടെ നിലവാരം ഉറപ്പാക്കാൻ പരിശോധന ലാബ് സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് നൽകി മന്ത്രി കെ. മുരളീധരൻ. സന്നിധാനത്തെയും പമ്പയിലെയും ആശുപത്രികളിൽ ഇതിനായി ആരോഗ്യ-ഭക്ഷ്യസുരക്ഷാ വകുപ്പ്, ഫോറൻസിക് മെഡിസിൻ വിഭാഗം എന്നിവയുടെ സംയുക്ത ലാബ് സജ്ജമാക്കണം. വരുന്ന മണ്ഡലകാലത്തിന് മുൻപായി ലാബ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും കത്തിൽ പറയുന്നു.

*******************

## കേരളത്തിന് കേന്ദ്ര പുരസ്കാരം

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പുരസ്കാരം കേരളത്തിന്. പ്രധാൻ മന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി PMFME - യുടെ നിർവഹണത്തിലെ മികച്ച പ്രകടനത്തിനാണ് അംഗീകാരം. ഈ മാസം 24, 25 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കുന്ന PMFME കോൺക്ലേവിൽ പുരസ്കാരം വിതരണം ചെയ്യും.

*******************

RNU TVPM

## ജനകീയാസൂത്രണം

ജനകീയാസൂത്രണത്തിന്റെ മുപ്പതാം വാർഷികത്തിന് നാളെ തിരുവനന്തപുരം, കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ തുടക്കം. തദ്ദേശ സ്വയംഭരണ മന്ത്രി കെ.എം. ഷാജി ചടങ്ങ് ഉദ്ഘാടനം ചെയ്യും. People's Planning എന്ന വെബ്സൈറ്റ് വഴിയായിരിക്കും ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഏകോപനം.

*******************

## സീബ്രകൾ- മൃഗശാല ( ഇൻട്രോ )

തിരുവനന്തപുരം മൃഗശാലയിൽ സന്ദർശകർക്ക് കാഴ്ച്ചയുടെ വിരുന്നൊരുക്കാൻ സീബ്രകൾ എത്തുന്നു.

ഗുജറാത്തിലെ വൻതാരയിൽ നിന്നും മൂന്നും അഞ്ചും വയസ്സുള്ള സീബ്രകളെ എത്തിക്കാനുള്ള നടപടികൾ

പൂർത്തിയായതായി മന്ത്രി ഒ ജെ ജനീഷ് അറിയിച്ചു.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്**
**(വോയിസ്...... )**

RNU TVPM

*******************

## വന്ദേഭാരത് എക്സ്പ്രസ്സ്

കേരളത്തിൽ 16 കോച്ചുകളുമായി വന്ദേഭാരത് ട്രെയിൻ സർവീസ് മറ്റന്നാൾ മുതൽ ആരംഭിക്കും. ബെംഗളൂരു–എറണാകുളം വന്ദേഭാരത് രാവിലെ 5.10ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1.50ന് എറണാകുളത്ത് എത്തും. തിരികെയുള്ള സർവീസ് ഉച്ചയ്ക്ക് 2.20ന് പുറപ്പെട്ട് രാത്രി 11ന് ബെംഗളൂരുവിലെത്തും. നിലവിൽ എട്ടു കോച്ചുകളുമായിട്ടാണ് വന്ദേഭാരത് സർവീസ് നടത്തുന്നത്.

*******************

## പ്രത്യേക പരിപാടി

80-ാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം

അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാം.

*******************

## അത്തയച്ചമയം (ഇൻട്രോ)

കേരളത്തിലെ ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറ അത്തച്ചമയാഘോഷങ്ങൾ നാളെ ആരംഭിക്കും. മുഖ്യമന്ത്രി വി.ഡി.സതീശൻ ഘോഷയാത്ര ഉദ്ഘാടനം ചെയ്യും. മന്ത്രി അനൂപ് ജേക്കബ് അത്തപ്പതാകയുയർത്തും. രാവിലെ 8 മുതൽ വൈകിട്ട് 3 വരെ പ്രദേശത്ത് ഗതാഗത നിയന്ത്രണമുണ്ട്.

**കൂടുതൽ വിവരങ്ങളുമായി എറണാകുളം ജില്ലാ പ്രതിനിധി നഹിമ. പി.**

**(വോയ്സ്...........)**

*******************

## ഓണം : സൈക്കിൾ റാലി

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഓണം വാരാഘോഷത്തിന്റെ പ്രചാരണാർത്ഥം വിനോദസഞ്ചാര വകുപ്പ് സൈക്കിൾ റാലി സംഘടിപ്പിക്കുന്നു. നാളെ രാവിലെ ഏഴിന് തിരുവനന്തപുരം മാനവീയം വീഥിയിൽ നിന്നാരംഭിക്കുന്ന സൈക്കിൾ റാലി കിഴക്കേകോട്ട ഗാന്ധി പാർക്കിൽ അവസാനിക്കും. ജനപ്രതിനിധികൾ, കായികതാരങ്ങൾ, ഉൾപ്പെടെ നിരവധി പേർ റാലിയുടെ ഭാഗമാകും.

RNU TVPM

*******************

## ഹോക്കി ലോകകപ്പ്

ഹോക്കി ലോകകപ്പ് പുരുഷ വിഭാഗത്തിൽ വെയിൽസിനെതിരെ ഇന്ത്യയ്ക്ക് ജയം. നെതർലൻഡ്സിലെ വാഗ്നർ ഹോക്കി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 3-1നാണ് ഇന്ത്യ വിജയിച്ചത്. ബെൽജിയം, നെതർലൻഡ്സ് എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്.

*******************

## ക്രിക്കറ്റ്

ശ്രീലങ്കക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ദിനം ഇന്ത്യയ്ക്ക് മികച്ച തുടക്കം. ആദ്യ ദിനം കളി അവസാനിക്കുമ്പോൾ  ഇന്ത്യ 2 വിക്കറ്റ് നഷ്ടത്തിൽ 288 റൺ എന്ന നിലയിലാണ്.

*******************

*************

******

RNU TVPM